വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) മൂലധന നിക്ഷേപ സബ്സിഡിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

1. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മുതൽമുടക്കിന്റെ 10 ശതമാനം, പരമാവധി 5 ലക്ഷം രൂപവരെ മൂലധന നിക്ഷേപ സബ്സിഡിയായി അനുവദിക്കുന്നുണ്ട്.

2. ചെറുകിട ഊന്നൽ വ്യവസായങ്ങൾക്ക് മുതൽമുടക്കിന്റെ 15 ശതമാനം പരമാവധി 15 ലക്ഷം രൂപവരെ സബ്സിഡിയായി അനുവദിക്കുന്നുണ്ട്.

3. കൂടാതെ വിവര സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് മുതൽ മുടക്കിന്റെ 20 % പരമാവധി 25 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

4. ഇടുക്കി, വയനാട് ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട വ്യവസായ വികസന കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ മുതൽമുടക്കിന്റെ 10% പരമാവധി 10 ലക്ഷം രൂപ വരെയും, കൂടാതെ ഇടുക്കി, വയനാട് ജില്ലകളിൽ സ്ഥാപിക്കുന്ന ഊന്നൽ വ്യവസായങ്ങൾക്ക് മുതൽമുടക്കിന്റെ 25 ശതമാനം പരമാവധി 25 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നുണ്ട്.

5. പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, വനിതകൾ, വികലാംഗർ, വിമുക്തഭടൻമാർ എന്നിവർ തുടങ്ങുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മുതൽ മുടക്കിന്റെ 5%, പരമാവധി 1 ലക്ഷം രൂപ അധിക സബ്സിഡിയായി നൽകുന്നുണ്ട്.

6. പുനരുപയോഗിക്കപ്പെടുന്ന ഊർജ്ജ സ്രോതസ്സുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് മുതൽമുടക്കിന്റെ 15% പരമാവധി 5 ലക്ഷം രൂപവരെ അധിക സബ്സിഡിയായി അനുവദിക്കുന്നുണ്ട്. ഡീസൽ ജനറേറ്ററുകളിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനായി മുതൽ മുടക്കിന്റെ 10 ശതമാനം പരമാവധി 25000 രൂപ വരെ അധിക സബ്സിഡിയായി നൽകുന്നുണ്ട്.

സബ്സിഡി നൽകുന്നതിനായി മുതൽ മുടക്ക് കണക്കാക്കുമ്പോൾ സ്ഥാപനം സജ്ജീകരിക്കുന്ന സ്ഥലം, കെട്ടിടം, യന്ത്ര സാമഗ്രികൾ വൈദ്യുതീകരണ ചെലവ്, ടെസ്റ്റിംഗ് ഉപകരണം, മലിനീകരണ നിയന്ത്രണ സംവിധാനം എന്നിവ പരിഗണിക്കുന്നതാണ്.

(ബി) പട്ടികജാതി/ പട്ടികവർഗ്ഗക്കാർ, വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ മുതലായ ദുർബ്ബല വിഭാഗങ്ങൾക്കായി മുതൽമുടക്കിന്റെ 10 ശതമാനത്തിന് പുറമെ പരമാവധി 1 ലക്ഷം രൂപ അധിക സബ്സിഡിയായി അനുവദിക്കുന്നുണ്ട്.

(സി) വ്യവസായങ്ങൾക്കായി എടുക്കുന്ന ബാങ്ക് വായ്പയ്ക്ക് സർക്കാർ സബ്സിഡി അനുവദിക്കുന്നില്ല. മൂലധന നിക്ഷേപത്തിനാണ് സബ്സിഡി നൽകുന്നത്.

(ഡി) 23-9-1991-നുശേഷം സ്ഥാപിച്ചിട്ടുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി മുതൽമുടക്കിന്റെ 15 % പരമാവധി 5 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നുണ്ട്.

(ഇ) നിക്ഷേപ സബ്സിഡിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) 8,89,56,000-രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിൽ ട്രേഡ് സെന്റർ

17 (*677) ശ്രീ. എം. എം. മോനായി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഹാക്കും ചേർന്ന് കൊച്ചിയിൽ ആരംഭിക്കുന്ന ട്രേഡ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ട്രേഡ് സെന്റർ പദ്ധതിയുടെ വിശദാംശം നൽകുമോ ; ഇവിടെ ഏതെല്ലാം പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) പദ്ധതിക്ക് മൊത്തം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സാധ്യതാ പഠന റിപ്പോർട്ട് പൂർത്തീകരിച്ച് ഡെവലപ്പറെ സെലക്ട് ചെയ്തശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) കൊച്ചിയിൽ വ്യാപാരകേന്ദ്രത്തിലുള്ള ഒരു ട്രേഡ് & കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി-യും ഹാക്കും ചേർന്ന് ധാരണാ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. പദ്ധതിയുടെ വിശദമായ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചു വരുന്നു. ടി. പദ്ധതിയിൽ എക്സിബിഷൻ ഹാളുകൾ, കൺവെൻഷൻ കോംപ്ലക്സ്, ഹോട്ടൽ, കൊമേഴ്സ്യൽ ഏരിയ, മിനി ഹാളുകൾ അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

(സി) പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതിച്ചെലവ് സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

അടിയന്തരമായി പുനരുദ്ധരിക്കേണ്ട ജലസ്രോതസ്സുകൾ

18 (*678) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിയന്തരമായി പുനരുദ്ധരിക്കേണ്ട ജല സ്രോതസ്സുകളുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;